"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - അച്ചടക്ക നടപടി- വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.കെ.വി.മത്തായിക്കെതിരെയുള്ള ശിക്ഷണ നടപടികൾ അന്തിമമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2047/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/10/2021

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 4.10.2017 -ലെ ഡി1-35092/11 നമ്പർ നടപടിക്രമങ്ങൾ
2. പഞ്ചായത്ത് ഡയറക്ടറുടെ 13.10.2017 -ലെ ഡി1-35092/11 നമ്പർ കത്ത്
3. സർക്കാരിന്റെ 13.11.2017-ലെ 210/ഇപിബി3/2017/തസ്വഭവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്
4. ശ്രീ.കെ.വി.മത്തായി 13.01.2018 ൽ സമർപ്പിച്ച പ്രതിവാദപത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ പ്രതിവാദപത്രികയിന്മേലുള്ള 16.10.2018 -ലെ ഡി11-35092/11 നമ്പർ റിപ്പോർട്ട്
6. സ.ഉ.(സാധാ)നം.3274/2018 /തസ്വഭവ തീയതി 31/12/2018
7. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.03.2019 -ലെ എ8 – 5872/11 നമ്പർ ഔപചാരികാന്വേഷണറിപ്പോർട്ട്
8. സർക്കാരിന്റെ 15.02.2021 തീയതിയിലെ ഇപിബി3/210/2017/തസ്വഭവ നമ്പർ കത്ത്
9. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ 02.08.2021 ലെ A1 – 3/8/2021-KPSC നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ പരിസ്ഥിതി ദുർബല പ്രദേശത്ത് സ്ഥിതി ചെയ്യുന്ന അത്താണി ക്വാറി & ക്രഷറിനെതിരെ ഗ്രാമസഭാ തീരുമാനം നിലനില്ക്കെ പ്രാദേശിക വാസികളായ 500 ഓളം പേർ ഒപ്പിട്ട സങ്കട ഹർജി പരിഗണിക്കാതെയും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അദ്ധ്യക്ഷനായ പഠന സമിതിയുടെ റിപ്പോർട്ടിന് വിപരീതമായും പഞ്ചായത്ത് ഭരണ സമിതി നിയോഗിച്ച സമിതിയുടെ പഠന റിപ്പോർട്ട് പരിശോധിക്കാതെയും, ഭരണ സമിതിയുടെ തീരുമാനം ഇല്ലാതെയും ഏകപക്ഷീയമായി പ്രലോഭനങ്ങൾക്ക് വഴങ്ങി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി സ്ഥാപനത്തിന് ഡി& ഒ ലൈസൻസ് നല്കിയ ശേഷം അവധിയിൽ പ്രവേശിക്കുകയുണ്ടായിയെന്ന് കണ്ടെത്തുകയുണ്ടായി. 13.08.2008 മുതൽ 19.10.2011 വരെയുള്ള കാലയളവിൽ ശ്രീ. കെ.വി. മത്തായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കവെ റീ.സർവ്വേ നം.1/3-286-ൽപ്പെട്ട വസ്തുവിൽ പ്രവർത്തിക്കുന്ന അത്താണി ബ്രിക്സ് & മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന

സ്ഥാപനത്തിന് 2010-11 സാമ്പത്തിക വർഷം ശ്രീ.മാത്യു ജോസഫ്, മാനേജിംഗ് ഡയറക്ടർ, അത്താണി ബ്രിക്സ് & മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ബി4-34/10-11 നമ്പരായി ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചു നൽകി. 2009-10 വരെ ടി സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് ക്വാറി പ്രവർത്തിപ്പിക്കുന്നതിന് ശ്രീ.അബ്ദുൾ റഹീം എന്ന വ്യക്തിയ്ക്ക് അനുവദിച്ചിരുന്ന ലൈസൻസ് തൊട്ടടുത്ത വർഷം പേരു മാറ്റി മറ്റൊരു വ്യക്തിയുടെയോ, സ്ഥാപനത്തിന്റെയോ പേരിൽ മാറ്റി പുതുക്കി നൽകിയ സെക്രട്ടറിയുടെ നടപടി ചട്ടങ്ങൾ പാലിക്കാതെയുള്ളതും നിയമവിരുദ്ധവുമാണെന്ന് കണ്ടെത്തുകയുണ്ടായി. ഉടമസ്ഥാവകാശം മാറ്റി ലൈസൻസ് അനുവദിക്കുമ്പോൾ കെ.പി.ആർ.ആക്ട് നിയമം 232, 236 എന്നീ വകുപ്പുകൾ പ്രകാരവും 1996-ലെ കെ.പി.ആർ. (ആപത്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് മാത്രമേ ലൈസൻസ് അനുവദിക്കുവാൻ പാടുള്ളുവെന്നിരിക്കെ, അപ്രകാരമുള്ള നടപടിക്രമം പാലിക്കാതെയാണ് ഉടമസ്ഥാവകാശം മാറ്റി ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. 2011-12 വർഷത്തെ ലൈസൻസിനായി ശ്രീ.മാത്യു ജോസഫ് 17.10.2011-ൽ ഫ്രണ്ട് ഓഫീസിൽ സമർപ്പിച്ച അപേക്ഷ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന് നൽകാതെ സെക്രട്ടറി നേരിട്ട് റിപ്പോർട്ടെഴുതി കരിങ്കൽ ക്വാറി നടത്തുന്നതിന് 31.03.2012 വരെയും സ്റ്റോൺ ക്രഷർ യൂണിറ്റ് & ഹോളോ ബ്രിക്സ് നടത്തുന്നതിന് 01.04.2011 മുതൽ 31.03.2016 വരെയും 19.10.2011-ൽ ലൈസൻസ് നൽകിയ ശേഷം 20.10.2011 മുതൽ അവധിയിൽ പ്രവേശിക്കുകയുമാണ് ചെയ്തതെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ.മത്തായിക്ക് പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടികൾ പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം തീർപ്പാക്കുകയും തുടർന്ന് സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശുപാർശ പരിഗണിച്ച്, കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം ശ്രീ. മത്തായിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ.വി. മത്തായി, പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

വയനാട് ജില്ലാ കളക്ടറുടെ 07.06.2011-ലെ എൽ2-71361/11(1) നമ്പർ കത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ ഉറപ്പുവരുത്തി ക്വാറികൾക്ക് ലൈസൻസ് അനുവദിക്കാവുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. കെ.വി. മത്തായിയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത് ക്വാറി ലൈസൻസിന് സമർപ്പിച്ച അപേക്ഷയിൽ മുഴുവൻ രേഖകളും അപേക്ഷകൻ ഹാജരാക്കിയതായി ബോധ്യപ്പെട്ടു എന്നാണ്. പക്ഷേ ടി അപേക്ഷയിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും പരാമർശ വിധേയമായ അപേക്ഷ പരിഗണിച്ച് ലൈസൻസ് അനുവദിക്കുന്നതിന് അനുമതി നൽകി പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതായി കാണുന്നില്ലായെന്നും ശ്രീ. കെ.വി. മത്തായി സെക്രട്ടറിയുടെ മറുപടിയോടൊപ്പം സമർപ്പിച്ച EXIHIBIT-XI പ്രകാരമുള്ള പഞ്ചായത്ത് തീരുമാനം പൊതുവായി ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അത്താണി ബ്രിക്സ് & മെറ്റൽസ് എന്ന സ്ഥാപനത്തിന് 2010-11 വർഷത്തേയ്ക്ക് പുതുതായി ലൈസൻസ് അനുവദിക്കുകയാണ് ചെയ്തത് എന്ന് ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും ടി ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ച അനുബന്ധ രേഖകളും അത്താണി ബ്രിക്സ് & മെറ്റൽസ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ളത് തന്നെയാണ് എന്നും 2009-10 വരെ ശ്രീ. അബ്ദുൾ

റഹീം എന്നവർക്ക് അനുവദിച്ചിരുന്ന ലൈസൻസ് പേരുമാറ്റി അനുവദിക്കുകയല്ല ചെയ്തിട്ടുള്ളതെന്ന് എന്നും ബോധ്യപ്പെട്ടിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്വാറിയ്ക്കെതിരെ പരാതികൾ ലഭിച്ചതിനെത്തുടർന്ന് മൈനിംഗ് & ജിയോളജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥൻമാർ അന്വേഷണം നടത്തുകയും ടി വിഷയത്തിൽ നിയമസഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 18.06.2009-ലെ സ.ഉ. (സാധാ) 1482/09/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സെന്റർ ഫോർ എർത്ത് സയൻസസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞൻ, മൈനിംഗ് & ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റ് എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തുകയും ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാകുമെന്നതിനാൽ ക്വാറിയ്ക്ക് അനുവാദം നൽകരുതെന്ന് കമ്മീഷൻ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു. സർക്കാർ നിർദ്ദേശാനുസരണം പഞ്ചായത്ത് ഡയറക്ടർ ഉൾപ്പെടെയുള്ള ഉന്നതതല സംഘം പ്രസ്തുത ക്വാറി സന്ദർശിക്കുന്ന അവസരത്തിൽ ശ്രീ.കെ.വി. മത്തായി ആയിരുന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി. അതുകൊണ്ടുതന്നെ ക്വാറിയിംഗ് സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും ടിയാന് ഉത്തമ ബോധ്യമുള്ളതായിരുന്നു. ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ടിയാൻ ഉന്നയിച്ചിട്ടുള്ള വാദങ്ങളൊന്നും ന്യായീകരിക്കത്തക്കതല്ലെന്ന് കാണുന്നു. അതിനാൽ ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് വരുത്താമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. കെ.വി. മത്തായിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് വരുത്താമെന്ന താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടിസ്നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വികരിക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഓപചാരിക അന്വേഷണം നടത്തി റിപ്പോർട്ട്സമർപ്പിക്കുന്നതിനായി സൂചന (6) പ്രകാരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സൂചന (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

13.08.3008 മുതൽ 15.10.2011 വരെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച ശ്രീ.കെ.വി.മത്തായി പ്രസ്തുത ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ശ്രീ. മാത്യു ജോസഫ് അകത്താണി ബ്രിക്സ് ആൻഡ് മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ക്വാറി ലഭിക്കുന്നതിനായി സമർപ്പിച്ച ലൈസൻസ് അപേക്ഷയിൽ ലൈസൻസ് നൽകുന്നതിനായി സ്വീകരിച്ച നടപടിക്രമത്തിന് വീഴ്ചയുണ്ടായി എന്നും <u>പൊതു പരാതികൾ, ഗ്രാമ സഭ എതിർപ്പ് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ എതിർപ്പ് എന്നിവ അവഗണിച്ചാണ് സ്വയം അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കി ലൈസൻസ് അനുവദിച്ചതെന്നും ക്വാറി പ്രവർത്തനം അനുവദിക്കുന്നതിന് ആവശ്യമായ ലൈസൻസ് ലഭിക്കുന്നതിന് ചട്ടപ്രകാരം സമർപ്പിക്കേണ്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ എന്നും രേഖകളുടെ പ്രാബല്യ തീയതി പരിശോധിച്ച ബോധ്യപ്പെട്ട് ലൈസൻസ് നൽകുന്നതിലും സെക്രട്ടറി എന്ന നിലയിൽ ജാഗ്രത കുറവും വീഴ്ചയുമുണ്ടായി എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.</u>

കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ മറുപടിയിൽ ലൈസൻസ് അപേക്ഷയിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് കൂടാതെ പരാമർശ വിധേയമായ അപേക്ഷ പരിഗണിച്ച

ലൈസൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഭരണസമിതി തീരുമാനിച്ചിട്ടില്ല എന്നും പരാമർശിത വിഷയവുമായി ബന്ധപ്പെട്ട് ലൈസൻസ് അനുവദിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും കെ.പി.ആർ ആക്ട് നിയമം 232, 236 എന്നീ വകുപ്പുകൾ പ്രകാരം 1996 ലെ കെ.പി.ആർ (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്റ്റോൺ ക്രഷർ യൂണിറ്റ് ആൻഡ് ഹോളോ ബ്രിക്സ് എന്ന സ്ഥാപനത്തിന് 01/04/2011 മുതൽ 31/03/2016 വരെ 5 വർഷക്കാലത്തേക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നു എന്നും ലൈസൻസ് അനുവദിക്കുന്നതിന് ആവശ്യമായ നിയമാനുസൃത രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തതായി പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. അന്വേഷണ വേളയിൽ പരിശോധിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ശ്രീ.കെ.വി.മത്തായി എന്നവരുടെ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റം സാധൂകരിക്കുന്ന രീതിയിലുള്ളതാണെന്നും ഡി ഡി പി റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ 11.03.2020 ന് നേരിൽ കേട്ട വേളയിൽ ടിയാൻ ചുവടെ പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി

"പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ശ്രീ. മാത്യു ജോസഫ് മാനേജിങ് ഡയറക്ടറായ അത്താണി കരിങ്കൽ ക്വാറിക്ക് ലൈസൻസ് നൽകുന്നതിന് മുൻപ് പ്രസ്തുത വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റി മുൻപാകെ പരിഗണിക്കുന്നതിനായി യാതൊരുവിധ രേഖകളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന സംഗതിയിന്മേൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ പുതുതായി ആരംഭിക്കുമ്പോൾ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ഭരണസമിതിയിൽ വെച്ച് അംഗീകാരം വാങ്ങാറുണ്ട്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ സെക്രട്ടറി നേരിട്ട് പുതുക്കി നൽകുന്ന പതിവാണുള്ളത്. അത്താണി കരിങ്കൽ ക്വാറിയും ഇത്തരത്തിൽ അത് പുതുതായി ആരംഭിച്ച സമയത്ത് തീരുമാനം നമ്പർ 113/24.04.2010, തീരുമാനം നമ്പർ 128/7.5.2010 പ്രകാരം പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം ഡി&ഒ ലൈസൻസ് 2010-2011 വർഷത്തേക്ക് അനുവദിക്കുകയും 2011-2012 വർഷത്തിൽ പുതുക്കി നൽകുകയും ചെയ്തു എന്ന് ബോധിപ്പിക്കുകയുണ്ടായി.

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ പരിസ്ഥിതി ദുർബല പ്രദേശത്ത് സ്ഥിതിചെയ്യുന്ന അത്താണി ക്വാറി, അത്താണി സ്റ്റോൺ ക്രഷർ യൂണിറ്റ് എന്നിവക്കെതിരെ ഗ്രാമസഭാ തീരുമാനം, പ്രദേശവാസികളുടെ പരാതി എന്നിവയ്ക്ക് വിരുദ്ധമായും പഞ്ചായത്ത് തീരുമാനത്തിനെതിരായും 2011-12, 01.04.2011 മുതൽ 31.03.2016 കാലയളവിലെ ലൈസൻസ് നൽകുന്നതിനായി സ്വീകരിച്ച നടപടിക്രമത്തിൽ വീഴ്ചയുണ്ടായി എന്ന കണ്ടെത്തൽ സംബന്ധിച്ച് താഴെ പറയുന്ന സംഗതികൾ ബോധിപ്പിക്കുകയുണ്ടായി. പൊതുജന പരാതിയിന്മേൽ ജില്ലാകളക്ടർ നേരിട്ട് അന്വേഷണം നടത്തി പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതാവിരുദ്ധമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള എല്ലാ ക്ലീയറൻസും ഈ ക്വാറിയ്ക്ക് നിലവിലുള്ളതാണെന്നും ലൈസൻസ് നൽകാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ലൈസൻസ് പുതുക്കി നല്കുന്നതിനാവശ്യമായ അനുബന്ധ രേഖകൾ എല്ലാംതന്നെ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. ഈ സ്ഥാപനത്തിന് ലൈസൻസ് നൽകരുതെന്ന തീരുമാനം 19.10.2011 വരെയുള്ള കാലയളവിൽ എടുത്തിട്ടില്ല. മേൽപ്പറഞ്ഞ സംഗതികളുടെ വെളിച്ചത്തിൽ ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടിക്രമത്തിൽ യാതൊരു വിധത്തിലുമുള്ള വീഴ്ചകൾ ഉണ്ടായിട്ടില്ല എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ലൈസൻസ് അപേക്ഷയിൽ അന്വേഷണ റിപ്പോർട്ട് സ്വയം എഴുതി ലൈസൻസ് അനുവദിച്ചു എന്ന കുറ്റാരോപണവും കണ്ടെത്തലും സംബന്ധിച്ച് ശ്രീ. മാത്യു ജോസഫ് 2011-12 വർഷത്തേക്കുള്ള

ലൈസൻസിനായി 17.10.2011-ന് അപേക്ഷ നൽകിയെന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശരിയല്ല എന്നും അദ്ദേഹം 17.02.2011 നാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. (തെളിവ് കൈപ്പറ്റ് രസീത് നമ്പർ 1287/2011/ 17.02.2011 പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്) . എന്നാൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് പുതുക്കികിട്ടാത്ത സാഹചര്യത്തിൽ അദ്ദേഹം ജില്ലാ കളക്ടർക്ക് പരാതി നൽകുകയും അതേത്തുടർന്ന് 07.06.2011-ൽ പഞ്ചായത്തിൽ ലഭിച്ച ജില്ലാ കളക്ടറുടെ ഉത്തരവും ഇതിന് തെളിവാണ്. അപേക്ഷ സമർപ്പിച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും ആയതിൽ അന്വേഷണം നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിൽ നിന്ന് ലഭിക്കാതിരുന്നതിനാലും അപേക്ഷകനായ മാത്യു ജോസഫ് നിരന്തരമായി ഓഫീസിൽ ഈ ആവശ്യത്തിനായി കയറി ഇറങ്ങേണ്ട സാഹചര്യം ഉളവായതിനാലും, ഈ ക്വാറിയ്ക്ക് ലൈസൻസ് നല്കാവുന്നതാണെന്ന ജില്ലാ കളക്ടറുടെ ലെറ്റർ നമ്പർ L2-7136/07-06-11 ന്റെ അടിസ്ഥാനത്തിലും കരിങ്കൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കിയിട്ടുള്ള പക്ഷം സെക്രട്ടറി നിർബന്ധമായും ലൈസൻസ് നൽകേണ്ടതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിന്റെ ( C4/21590/2011 തീയതി 27-9-11) അടിസ്ഥാനത്തിലുമാണ് തുടർന്ന് ഉണ്ടായേക്കാവുന്ന നിയമ നടപടികൾ ഒഴിവാക്കുന്നതിനുവേണ്ടി സ്വയം റിപ്പോർട്ട് എഴുതി അപേക്ഷകന് ലൈസൻസ് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പൊതുജന പരാതികൾ, ഭരണസമിതിയുടെ എതിർപ്പ് എന്നിവ അവഗണിച്ചു എന്ന കണ്ടെത്തൽ ശരിയല്ല നീതിയ്ക്ക് നിരക്കുന്നതുമല്ല എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ലൈസൻസ് നൽകിയതിന് ശേഷം 20.10.2011 മുതൽ ലീവെടുത്തു എന്ന കണ്ടെത്തൽ ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല എന്നും ടിയാന് യാത്ര ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ ശാരീരിക ക്ലേശങ്ങൾ ഉള്ളതുകൊണ്ടും വീട്ടിൽ സുഖമില്ലാതെ കിടക്കുന്ന മാതാവിനെ പരിചരിക്കേണ്ട സാഹചര്യം വന്നതിനാലും ലീവ് എടുക്കണമെന്ന് നേരത്തെ തന്നെ തീരുമാനിച്ചിരുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു. ഈ ക്വാറി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായതും നിയമ പ്രാബല്യമുള്ളതുമായ എല്ലാ രേഖകളുടെയും പകർപ്പുകൾ ടിയാൻ കാരണംകാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ നൽകിയിട്ടുണ്ട് എന്നും സ്റ്റോൺ ക്രഷർ യൂണിറ്റ് & ഹോളോ ബ്രിക്സ് എന്ന സ്ഥാപനം 1999 മുതൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പഞ്ചായത്ത് നൽകിയ അനുമതിയുടെയും ലൈസൻസിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നതും തനിക്ക് മുൻപുള്ള സെക്രട്ടറിമാർ ഡി&ഒ ലൈസൻസ് നല്കിയിട്ടുള്ളതിന്റേയും അടിസ്ഥാനത്തിലാണ് 01.04.2011 മുതൽ 31.03.2016 വരെ ഈ സ്ഥാപനം നടത്തുന്നതിനായി ലൈസൻസ് നൽകിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിലേക്കായി 30.06.2018 വരെ പ്രാബല്യമുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രവുമുണ്ടെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

തനിക്ക് ലഭിച്ച കാരണംകാണിക്കൽ നോട്ടീസിൽ ടിയാന്റെ പെൻഷൻ തുകയിൽ നിന്നും 2000 രൂപ വീതം 10 വർഷത്തേക്ക് സ്ഥിരമായി കുറവ് ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ചു എന്ന സംഗതിയുമായി ബന്ധപ്പെട്ട് ടിയാൻ യാതൊരുവിധ സാമ്പത്തിക നഷ്ടവും പഞ്ചായത്തിന് വരുത്തിയിട്ടില്ല എന്നും ആയതിനാൽ KSR Part III റൂൾ 3 പ്രകാരം റിക്കവറി നടപടികൾ സ്വീകരിക്കുന്നത് തെറ്റാണെന്നും ഇപ്പോൾ തന്റെ ഏക ജീവിതമാർഗ്ഗം പെൻഷൻ തുകയാണെന്നും അത് കുറവ് ചെയ്താൽ ജീവിതം വളരെയേറെ കഷ്ടത്തിലാകുമെന്നും അതുകൊണ്ട് പെൻഷൻ തുകയിൽ നിന്ന് ഒരു രൂപപോലും കുറവ് ചെയ്യരുതെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെയും തുടർന്ന് അപേക്ഷകനെ നേരിൽ കേട്ടതിന്റേയും നേരിൽ കേട്ട വേളയിൽ കുറ്റാരോപിതൻ സമർപ്പിച്ച

വാദമുഖങ്ങളുടേയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ വ്യക്തമായിട്ടുണ്ട്.

കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ മറുപടിയിൽ ഖണ്ഡിക 2 മുതൽ 8 വരെ സൂചിപ്പിച്ചത് പ്രകാരമുള്ള മുഴുവൻ രേഖകളും ഹാജരാക്കിയെങ്കിലും ലൈസൻസ് അപേക്ഷയിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് കൂടാതെയും ലൈസൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഭരണസമിതി തീരുമാനിക്കാതെയും പരാമർശ വിധേയമായ അപേക്ഷ പരിഗണിച്ച സ്വയം അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കി കെ.പി.ആർ ആക്ട് നിയമം 232, 236 എന്നി വകുപ്പുകൾ പ്രകാരവും 1996 ലെ കെ.പി.ആർ (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്റ്റോൺ ക്രഷർ യൂണിറ്റ് ആൻഡ് ഹോളോ ബ്രിക്സ് എന്ന സ്ഥാപനത്തിന് 01/04/2011 മുതൽ 31/03/2016 വരെ 5 വർഷക്കാലത്തേക്ക് ലൈസൻസ് അനുവദിച്ചതിൽ ശ്രീ.കെ.വി.മത്തായിയുടെ ഭാഗത്തു ജാഗ്രതക്കുറവും വീഴ്ചയും സംഭവിച്ചിട്ടുള്ളതായി കാണുന്നു. എങ്കിലും ഹിയറിങ് വേളയിലെ ടിയാന്റെ വാദവും പരിഗണിച്ച ടിയാന് കെ.എസ്.ആർ ഭാഗം 3 റൂൾ 3 പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്ന പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് വരുത്താമെന്ന താൽക്കാലിക തീരുമാനത്തിൽ ഇളവ് വരുത്തി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000 /- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താമെന്ന തീരുമാനം കൈക്കൊണ്ട ഇക്കാര്യത്തിൽ പരാമർശം (8) പ്രകാരം ബഹു. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അനുമതി തേടിയിരുന്നതിന്മേൽ പരാമർശം (9) പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മറുപടി ലഭ്യമാക്കി

പ്രസ്തുത മറുപടി പ്രകാരം, ബഹു:കമ്മീഷൻ, ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചതിൽ വ്യക്തിപരമായി നേട്ടങ്ങളുണ്ടാക്കുന്നതിന് വേണ്ടി മാത്രം, പരിസ്ഥിതിയേയും, ചുറ്റുമുള്ള മനുഷ്യരേയും, വ്യവസ്ഥാപിത സ്ഥാപനങ്ങളുടെ എതിർപ്പുകളേയും തരിമ്പും വകവെക്കാതെ തീരുമാനമെടുത്ത് സ്വകാര്യ സ്ഥാപനത്തെ സഹായിക്കുവാൻ ശ്രീ.കെ.വി. മത്തായി നടത്തിയ ഹീനപ്രവർത്തനങ്ങൾ ബോദ്ധ്യത്തിൽ വരുന്നുണ്ട് എന്നും കുറ്റാരോപിതനായി ശിക്ഷിക്കപ്പെടുമ്പോൾ ഏതൊരാളും നടത്തുന്ന പതിവ് ആവലാതി മാത്രമായേ ഇവിടെ ശ്രീ. മത്തായിയുടെ കുറ്റാരോപണ മറുപടിയെ കണക്കാക്കുവാൻ കഴിയുന്നുള്ളു എന്നും ആയതിനാൽ ആരോപണങ്ങൾ തെളിവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആദ്യം തീരുമാനിച്ച 2000 രൂപ വീതം 10 വർഷത്തേക്ക് പെൻഷനിൽ നിന്നും ഈടാക്കുകയെന്ന ശിക്ഷാ നടപടിയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയാകും ഉചിതമെന്ന് ബഹു:കമ്മീഷൻ നിരീക്ഷിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്യുന്നു എന്നു അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ അനധികൃതമായി ക്വാറി ലൈസൻസ് നല്കിയതുമായി ബന്ധപ്പെട്ട് ശ്രീ.കെ.വി.മത്തായിക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ ബഹു.കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശവും പരിഗണിച്ച് കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ കാരണം കാണിക്കൽ നോട്ടീസിൽ തീരുമാനിച്ച പ്രകാരം ശ്രീ.കെ.വി.മത്തായിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000 രൂപ വീതം 10 വർഷത്തേക്ക് കുറവുചെയ്യാൻ തീരുമാനിച്ചും അപ്രകാരം അച്ചടക്ക നടപടി അന്തിമമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

2. ശ്രീ. കെ.വി.മത്തായി, മുൻ സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/210/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 21-10-2021 14:29:55
Reason: Approved
സെക്ഷൻ ഓഫീസർ